ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 19.12.1985-ലെ ജി.ഒ.(എം.എസ്) 1076/85/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരമാണ് കേരള ഭൂമിപതിവ് ചട്ടപ്രകാരമുള്ള പാട്ടനിരക്ക് പുതുക്കി നിശ്ചയിച്ചത്. 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമിപതിവ് ചട്ടങ്ങൾ നിലവിൽ വന്നതുമുതൽ നഗരപ്രദേശങ്ങളിൽ അതു പ്രകാരമാണ് ഭൂമിയ്ക്ക് പാട്ടം നിശ്ചയിക്കുന്നത്.

(ഡി) പാട്ടത്തുക വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടാൽ നടപടി എടുക്കുന്നതാണ്.

84 (641) ഏറത്തോട്ട കുത്തകപ്പാട്ടം

ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറത്തോട്ട കുത്തകപ്പാട്ടം പുതുതായി അനുവദിക്കാൻ ആലോചനയുണ്ടോ:

(ബി) ഇപ്പോൾ നിലവിലുള്ള ഏറത്തോട്ട കുത്തകപ്പാട്ട ഭൂമിക്ക് പട്ടയം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ:

(സി) കുത്തകപ്പാട്ട ഏറത്തോട്ടത്തിന് പട്ടയം കൊടുത്താൽ അത് സർക്കാരിന് സാമ്പത്തികമായി എത്ര മാത്രം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുമോ:

ഉത്തരം

(എ) ഏറത്തോട്ടങ്ങൾക്ക് കുത്തകപ്പാട്ടം അനുവദിക്കുന്നത് ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിട്ടുണ്ട്. ഈ സ്റ്റേ ഉത്തരവ് പിൻവലിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

(ബി) ഇല്ല.

(സി) കുത്തകപ്പാട്ട ഏലത്തോട്ടത്തിന് പട്ടയം കൊടുത്താൽ അത് സർക്കാരിന് വരവ് ഉണ്ടാകില്ലെന്നു മാത്രമല്ല നഷ്ടം സംഭവിക്കുകയും ചെയ്യും. പട്ടയം കൊടുക്കുമ്പോൾ ഒരിക്കൽ മാത്രമേ തറവില ലഭിക്കുകയുള്ളൂ. എന്നാൽ പാട്ടത്തിന് നൽകിയാൽ ഓരോ ഇരുപതു വർഷത്തിലും പ്രീമിയവും വർഷത്തിലൊരിക്കൽ പാട്ടവും ലഭിക്കും. കൂടാതെ പട്ടയം നൽകിയാൽ ഈ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാനിടയാവുകയും വൃക്ഷങ്ങൾ നശിപ്പിക്കപ്പെടാനിടയാവുകയും ചെയ്തു.

85 (642) വർക്കല മഹിളാസമാജത്തിന്റെ കൈവശമിരിക്കുന്ന ഭൂമി പതിച്ചു നൽകുന്നതിനു നടപടി

ശ്രീ. അഡ്വ. എസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മഹിളാസമാജത്തിന്റെ കൈവശമിരിക്കുന്ന ഭൂമി പതിച്ചു കിട്ടുന്നതിന് ദീർഘകാലമായി നൽകിവരുന്ന നിവേദനം സർക്കാർ പരിഗണിച്ചിട്ടുണ്ടോ,

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏറ്റവും നല്ലനിലയിൽ സാമൂഹ്യസാംസ്ക്കാരിക പ്രവർത്തനങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും നടത്തി വരുന്ന ഈ സ്ഥാപനത്തിന് കൈവശ ഭൂമി പതിച്ചു കൊടുക്കുന്നതിനുള്ള തടസ്സം എന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) മറ്റാർക്കും അവകാശപ്പെടാൻ അർഹതയില്ലാത്ത ഈ ഭൂമി അടിയന്തിരമായി വർക്കല മഹിളാസമാജത്തിന് പതിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) കൈവശഭൂമി നാമമാത്ര വിലയ്ക്ക് പതിച്ചു നൽകണമെന്നാണ് വർക്കല മഹിളാസമാജം അഭ്യർത്ഥിച്ചിരിക്കുന്നത്. കമ്പോളവില നൽകി പതിച്ചോ, ദീർഘകാലപാട്ടത്തിനോ ഭൂമി ഏറ്റെടുക്കാൻ തയ്യാറാണോ എന്ന് സമാജത്തോട് സർക്കാർ ആരാഞ്ഞിരുന്നു. എന്നാൽ ഭൂമി നാമമാത്ര വിലയ്ക്ക് പതിച്ചു നൽകണമെന്ന മുൻനിലപാട് സമാജം ആവർത്തിക്കുകയാണ് ചെയ്തത്. ആയതിനാൽ മഹിളാസമാജത്തിന്റെ ആവശ്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

86 (643) തെറ്റുപാറ കോളനിയിലെ കൈവശക്കാർക്ക് കൈവശഭൂമി പതിച്ചു നൽകുന്നതിനു നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ താലൂക്കിൽ കോയിപ്രം പഞ്ചായത്തിൽ തെറ്റുപാറ കോളനിയിലെ ഭൂരഹിതരായ കൈവശക്കാർക്ക് കൈവശഭൂമി പതിച്ചുനൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) വർഷങ്ങളായി താമസിച്ചു വരുന്ന ഭൂരഹിതരായ കൈവശക്കാർക്ക് ഭൂമി പതിച്ചു നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൈവശക്കാർക്ക് കൈവശഭൂമി പതിച്ചു നൽകുന്നതിന് പഞ്ചായത്തിൽനിന്നും അനുവാദ പത്രികകൾ നൽകിയിട്ടില്ലാത്തതിനാൽ പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഉണ്ട്.

(സി)&(ഡി) പഞ്ചായത്തിൽനിന്നും കൈവശക്കാരെ അംഗീകരിച്ച് ഭൂമി അനുവദിച്ചു കൊണ്ടുള്ള സമ്മതപത്രം നൽകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly